(സി) നിലവിൽ 1-ാം ഗ്രേഡിന്റെ സീനിയോരിറ്റി ലിസ്റ്റിൽ ക്രമനമ്പർ 568 വരെയുള്ളവർക്ക് അസി. എഞ്ചിനീയർമാരായി പ്രമോഷൻ നൽകിയിട്ടുണ്ട്.

(ഡി) നിരോധനമില്ല.

(ഇ) ഉണ്ട്.

(എഫ്) ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം സീനിയോരിറ്റി ലിസ്റ്റ് പുനർനിർണ്ണയം ചെയ്തതിനുശേഷം പ്രമോഷൻ നൽകാവുന്നതാണ്.

ജല അതോറിറ്റിയിലെ എൻ.എം.ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്താൻ. നടപടി

61 [3648] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയിൽ എത്ര എൻ.എം.ആർ. ജീവനക്കാർ ജോലി ചെയ്യുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ 10 വർഷത്തിനുമേൽ സർവ്വീസുള്ളവരും 15 വർഷത്തിനു മേൽ സർവ്വീസുള്ളവരും അഞ്ചുവർഷത്തിനുമേൽ സർവ്വീസുള്ളവരും എത്രയെന്ന് വ്യക്തമാക്കുമോ;

(സി) എൻ.എം.ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്താൻ അതോറിറ്റി തീരുമാനമെടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ എത്രപേരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ;

(ഇ) തീരുമാനം നടപ്പാക്കാനുള്ള കാലതാമസം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജല അതോറിറ്റിയിൽ 358 എൻ.എം.ആർ. ജീവനക്കാർ ജോലി ചെയ്യുന്നു.

(ബി) അഞ്ചുവർഷത്തിനുമേൽ സർവ്വീസുള്ളവർ 358. ഇതിൽ 188 പേർ 15 വർഷത്തിനുമേൽ സർവ്വീസുള്ളവരും 170 പേർ 10 വർഷത്തിനുമേൽ 15 വർഷത്തിനകം സർവ്വീസ് ഉള്ളവരുമാണ്.

(സി—ഇ) എൻ.എം.ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം വിശദമായി പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly